Ref: 3181/K-5/KCBC/OL/DS 28.2.2019

## പാവപ്പെട്ടവർക്കുവേണ്ടിയുള്ള നോമ്പുകാല സ്തോത്രകാഴ്ച സമാഹരണ ഉദ്യമം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യവൈദിക സഹോദരരേ, സമർപ്പിതരേ, പ്രിയ ദൈവജനമേ,

വലിയ നോമ്പുകാലം നമ്മുടെ കർത്താവിന്റെ പീഡാസഹനങ്ങളിൽ പങ്കുചേർന്ന് ഉത്ഥാന മഹത്വത്തിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുന്ന നാളുകളാണല്ലോ. ഏവർക്കും ദൈവാനുഗ്രഹപ്രദമായ ഒരു നോമ്പുകാലം ആശംസിക്കുന്നു; പ്രാർത്ഥിക്കുന്നു. ദൈവത്തെ കണ്ടുമുട്ടുന്നതിനും ദൈവാനുഭവം സിദ്ധിക്കുന്നതിനും മറ്റുള്ളവരിലെ ദൈവിക ചൈതന്യം കണ്ടറിഞ്ഞ് ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളർച്ച പ്രാപിക്കുവാനും ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

ഉപവാസം, പ്രാർത്ഥന, വർജ്ജന, പുണ്യപ്രവൃത്തികൾ എന്നിവയാണല്ലോ നോമ്പിന്റെ ഘടകങ്ങളായി നാം ആചരിച്ചുവരുന്നത്. നോമ്പ് അനുഷ്ടാനങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കാതെ ഒരു അനുഭവമായി മാറുന്നതിന് പ്രത്യേകം ശ്രദ്ധ വയ്ക്കാം. അതിനായി ആദിമ ക്രൈസ്തവരെപ്പോലെ പങ്കുവയ്ക്കുന്ന ഒരു സമൂഹമായി കേരളസഭ ഇന്നു മാറേണ്ടിയിരിക്കുന്നു. “നിങ്ങൾ ഈ ചെറിയവരിൽ ഒരുവനു ചെയ്തപ്പോൾ അതെല്ലാം എനിക്കു തന്നെയാണ് ചെയ്തത്” എന്ന കർത്തൃവാക്യം ഇവിടെ അന്വർത്ഥമാണ്. നാം തന്നെയാണ് നമ്മുടെ സഹോദരന്റെ കാവല്ക്കാരൻ ആകേണ്ടത്. പ്രവൃത്തി കൂടാതെയുള്ള വിശ്വാസംപോലെ, ദാനധർമ്മങ്ങൾ കൂടാതെയുള്ള നോമ്പാചരണവും നിർജ്ജീവമാണെന്നാണല്ലോ സഭാപിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നത്. ആയതിനാൽ നമ്മുടെ സാന്ത്വനവും ശുശ്രൂഷയും പരിചരണവും ആർക്കെല്ലാം ആവശ്യമായിരിക്കുന്നുവോ അവർക്കെല്ലാം നമ്മുടെ സ്നേഹസാന്ത്വനങ്ങൾ പകർന്നുനല്കുവാനും നമ്മളാൽ കഴിയുന്ന സാമ്പത്തിക സഹായം ലഭ്യമാക്കുവാനും ഈ നോമ്പുകാലം നമുക്കു പരിശ്രമിക്കാം. വിശുദ്ധ മദർ തെരേസ പാവങ്ങളിൽ യേശുവിനെ കണ്ട് ശുശ്രൂഷിച്ചതുപോലെ് ഇന്നത്തെ സമൂഹത്തിൽ ദൈവസാന്നിധ്യമായി അവതരിക്കുവാൻ ഈ നോമ്പ് നമ്മോടാഹ്വാനം ചെയ്യുന്നു. കർത്താവിന്റെ കാരുണ്യമായി കേരള സഭയെ മാറ്റിയെടുക്കുവാൻ ഈ നോമ്പുകാലത്ത് നമുക്ക് പരിശ്രമിക്കാം. കർത്താവിന്റെ കരുണയുടെ മുഖമാകുന്നതിലൂടെ മാത്രമേ സഭ അഭിമുഖീകരിക്കുന്ന എല്ലാ പ്രതിസന്ധികളേയും പ്രശ്നങ്ങളേയും അതിജീവിക്കുവാൻ നമുക്കു സാധിക്കുകയുള്ളു.

നിന്നെപ്പോലെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കുക എന്നുള്ള കർത്തൃവാക്യം നമ്മിലൂടെ സാക്ഷാത്കരിക്കപ്പെടുന്നതിന് ഒരു മനസ്സോടെ നമുക്ക് പ്രാർത്ഥിക്കാം, പരിശ്രമിക്കാം.

നോമ്പുകാലത്ത് Lenten Campaign എന്ന പേരിൽ ഭാരതമാകെ ഭാരതകത്തോലിക്കാ മെത്രാൻ സംഘത്തിന്റെ സമൂഹ്യസേവന വിഭാഗമായ കാരിത്താസ് ഇൻഡ്യ വിഭവസമാഹരണം നടത്തുന്ന പതിവുണ്ടല്ലോ. ഈ വർഷം വിപുലമായ രീതിയിൽ ഇതു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അതിന്റെ ഭാഗമായി ഓരോ രൂപതയും സന്ന്യാസ സമൂഹങ്ങളും സഭാസ്ഥാപനങ്ങളും അതതു രൂപതാസാമൂഹ്യ വികസന പ്രസ്ഥാനങ്ങളോടുചേർന്ന് ധനസമാഹരണവും വിഭവ സമാഹരണവും നടത്തുന്നതിന് സവിശേഷമായ പദ്ധതികൾ ആവിഷ്ക്കരിച്ച് ക്രമീകരിക്കേണ്ടതാണ്. കാരിത്താസ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം ഇപ്രകാരം സമാഹരിക്കുന്ന തുകയുടെ പകുതി കാരിത്താസ് ഇൻഡ്യയിലേക്ക് അയച്ചുകൊടുക്കേണ്ടതും ബാക്കി പകുതി രൂപതകളുടെ സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതുമാണ്.

ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയക്കെടുതികളിലൂടെ ആണല്ലോ കേരള ജനത കടന്നുപോയത്. ഈ അവസരത്തിൽ കാരിത്താസ് ഇൻഡ്യയോടു ചേർന്ന് ഭാരതസഭയും സന്ന്യാസ സമൂഹങ്ങളും നാനാജാതി മതസ്ഥരായ സുമനസ്സുകളും നമ്മുടെ അതിജീവനത്തിനായി ചെറുതും വലുതുമായ സംഭാവനകൾ നല്കി നമ്മെ സഹായിക്കുകയുണ്ടായി. ഇതിന് ഒരു പ്രതിനന്ദി എന്നവണ്ണം നമ്മളാൽ

ആകുംവിധം ഭാരതത്തിലെ പാവങ്ങളെ സഹായിക്കുവാൻ ഈ നോമ്പുകാലവും നോമ്പാചരണവും നമ്മെ സഹായിക്കട്ടെ. ഏല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

എന്ന്

**ആർച്ചു ബിഷപ്പ് തോമസ് മാർ കൂറിലോസ്**

ചെയർമാൻ. ജെപിഡി കമ്മീഷൻ, കെസിബിസി

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**

വൈസ് ചെയർമാൻ, ജെപിഡി കമ്മീഷൻ കെസിബിസി

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**

വെസ് ചെയർമാൻ, ജെപിഡി കമ്മീഷൻകെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2019 മാർച്ച് 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.